**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** **12-02-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ഡെന്റൽ, ഫാർമസി അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ഡെന്റൽ അദ്ധ്യാപകരെയും ഫാർമസി അദ്ധ്യാപകരെയും സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യുന്നതിനായി എത്ര തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്; എത്ര അദ്ധ്യാപകർ ഈ വകുപ്പുകളിൽ ജോലി ചെയ്യുന്നുണ്ട്; | (എ) | കണ്ണൂർ സർക്കാർ ദന്തൽ കോളേജ്, ഫാർമസി കോളേജ് എന്നിവയിലെ അധ്യാപകരെ ആഗിരണം ചെയ്യുന്നതിനായി യഥാക്രമം 43,26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ ദന്തൽ കോളേജ്, ഫാർമസി കോളേജ് എന്നിവിടങ്ങളിലായി യഥാക്രമം 43,26 അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുമുണ്ട്. |
| (ബി) | നിലവിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പോസ്റ്റുകൾ ഉണ്ടായിട്ടും സൂപ്പർ ന്യൂമററി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കണ്ണൂർ സർക്കാർ ദന്തൽ കോളേജ്, ഫാർമസി കോളേജ് എന്നിവയിലെ അധ്യാപകരെ ആഗിരണം ചെയ്യുന്നതിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള യഥാക്രമമുള്ള 43,26 തസ്തികകളിൽ സൂപ്പർ ന്യൂമററി വിഭാഗം തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള കത്തുകളുടെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ